# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 515

09.02.2016 ൽ മറുപടിയ്ക്ക്

## തിരൂർ മണ്ഡലത്തിലെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ, ഗ്രാമവ്യവസായ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) സഹകരണ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ സംസ്ഥാന പദ്ധതികൾക്കായി 24 സഹകരണ സംഘങ്ങൾക്ക് ആകെ 30.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 13.35 ലക്ഷം രൂപ (14 സംഘങ്ങൾ)<br>2. വനിത സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 3.90 ലക്ഷം രൂപ (4 സംഘങ്ങൾ)<br>3. വനിത സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഗ്രാന്റ് - 6.90 ലക്ഷം രൂപ (4 സംഘങ്ങൾ)<br>4. ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 2.00 ലക്ഷം രൂപ (1 സംഘത്തിന്)<br>5. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 4.50 ലക്ഷം രൂപ (1 സംഘത്തിന്)<br><br>കൂടാതെ ഖാദിഗ്രാമ വ്യവസായ മേഖലയിൽ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം 1067325 രൂപയും ഫ്ലാഗ്ഷിപ്പ് പദ്ധതി |

പ്രകാരം 50,000/- രൂപയും 'എന്റെ ഗ്രാമം' പദ്ധതിപ്രകാരം 3 ലക്ഷം രൂപയും ചെലവഴിച്ച് സംരംഭിക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ